## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2158** 19.06.2012- ൽ മറുപടിക്ക്

### കോമളപുരം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.തിലോത്തമൻ** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കോമളപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി; | (എ) & (ബി) മില്ലിലെ പ്രവർത്തനത്തിലേയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ സ്ഥാപിച്ചു കഴിഞ്ഞു. എന്നാൽ തൊഴിലാളികളെ നിയമിക്കുന്നതിനെതിരായി ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ അടിസ്ഥാനത്തിൽ നിയമന നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. കൂടാതെ മില്ലിലേയ്ക്കാവശ്യമായ വൈദ്യുതി പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. |
| (ബി) പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | |
| (സി) കോമളപുരം സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിപ്പിക്കുമ്പോൾ അവിടെ ജോലി ചെയ്തു വന്നിരുന്ന ജീവനക്കാരെ മിൽ അടച്ചു പൂട്ടിയ കാലയളവിലെ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് തിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) അടച്ചു പൂട്ടിയ കാലയളവിലെ ആനുകൂല്യങ്ങൾ നൽകി തിരിച്ചെടുക്കാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ